കേരള സർക്കാർ

സംഗ്രഹം

വനം വകുപ്പ് – സ്വകാര്യ ഭൂമിയിൽ നിൽക്കുന്ന ചന്ദനമരങ്ങൾ സർക്കാർ ചെലവിൽ വെട്ടി ലേലം ചെയ്യുമ്പോൾ ലഭിക്കുന്ന തുക വിഭജിക്കുന്നതിനുള്ള നിബന്ധനകൾ സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ഡി) വകുപ്പ്.

സ.ഉ.(കൈയ്യെഴുത്ത്) നം. 7/94/വനം തീയതി 21.1.1994.

പരാമർശം:- 1. ജി.ഒ.(എം.എസ്) 198/73/എം.ഡി. തീയതി 3.4.73.
2. ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 3.12.88-ാം തീയതിയിലെ സി2/5195/87-ാം നം കത്തും 15.7.89, 13. .91, 25.7.92 എന്നീ തീയതികളിലെ സി2/5409/92-ാം നമ്പർ കത്തുകളും.

ഉത്തരവ്

പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം സ്വകാര്യ സ്ഥലത്ത് നിൽക്കുന്ന ചന്ദന മരങ്ങൾ സ്ഥലം ഉടമയുടെ സമ്മതത്തോടെ വനം വകുപ്പ് ഏറ്റെടുത്ത് സർക്കാർ ചെലവിൽ ശേഖരിച്ച് ലേലത്തിൽ വിൽക്കുമ്പോൾ കിട്ടുന്ന സംഖ്യയുടെ 70% ഭൂമിയുടെ ഉടമസ്ഥനും 30% വനം വകുപ്പിനുമായി വീതിക്കണമെന്ന വ്യവസ്ഥ ചെയ്തിരുന്നു. വനം വകുപ്പ് എടുക്കേണ്ടത് മൊത്തം ലേലതുകയുടെ 30% ആണോ, ശേഖരണ ചെലവു കഴിച്ചുള്ള ലേല വ്യവസ്ഥയുടെ 30% ആണോയെന്ന് ടി ഉത്തരവിൽ വ്യക്തമാക്കിയിട്ടില്ല. അതുകൊണ്ട് ടി തുക വീതിക്കൽ നടത്തുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശത്തിലെ കത്തു പ്രകാരം വ്യക്തമാക്കി. ഈ കാര്യം വിശദമായി പരിശോധിച്ച ശേഷം ടി ഉത്തരവ് താഴെപറയുന്ന ഭേദഗതി ചെയ്തുകൊണ്ട് സർക്കാർ ഉത്തരവാക്കുന്നു.

2. സ്വകാര്യ ഭൂമിയിൽ നിൽക്കുന്ന ചന്ദനമരങ്ങൾ സർക്കാർ ചെലവിൽ ശേഖരിച്ച് ലേലം ചെയ്യുമ്പോൾ ലഭിക്കുന്ന തുകയിൽ നിന്ന് സർക്കാരിന് വരുന്ന ചെലവോ, ലേലം ചെയ്യുമ്പോൾ കിട്ടുന്ന തുകയുടെ 30 ശതമാനമോ, ഇതിൽ ഏതാണ് അധികം അതു കഴിച്ചുള്ള തുക സ്ഥലം ഉടമസ്ഥന് നല്കാവുന്നതാണ്. ഈ ഉത്തരവിന് മുൻകാല പ്രാബല്യം ഇല്ല.

ഗവർണറുടെ ഉത്തരവിൻപ്രകാരം,
(ഒപ്പ്)
ജോയിന്റ് സെക്രട്ടറി.